പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 655

07.01.2014-ലെ മറുപടിയ്ക്ക്

## കിൻഫ്രയുടെ നേതൃത്വത്തിൽ ചിറക്കര ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിരുന്നുവോ;<br><br>ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നടപടി യിലുള്ള പുരോഗതി എന്താണ്; | എ) & ബി) | ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള അർത്ഥനാപത്രം കിൻഫ്ര 20.04.2010-ൽ കൊല്ലം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സർവ്വേ നോട്ടിഫിക്കേഷനോ, പ്രാഥമിക വിജ്ഞാപനമോ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. |
| സി) ഭൂമി ഏറ്റെടുക്കുന്നതിലേക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; തടസ്സങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത കാര്യം ഭൂവുടമകളെ അറിയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; | സി) | ഏറ്റെടുക്കാനുദ്ദേശിക്കുന്ന 95.47 ഏക്കർ ഭൂമിയിൽ ഏകദേശം 45 ഏക്കർ ഭൂമി റവന്യൂ രേഖകൾപ്രകാരം "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പ്രസ്തുത ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽവയൽ ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളിലായി ചിതറി കിടക്കുന്നതിനാൽ ഭൂമിയിൽ ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമായതുകൊണ്ട് മേൽപ്പറഞ്ഞ 45 ഏക്കർ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കാനായി 27.05.13-ൽ പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ അക്വിസിഷനെ സംബന്ധിച്ചിടത്തോളം, അക്വിസിഷൻ നിയമ പ്രകാരമുള്ള വിജ്ഞാപനമോ, നോട്ടീസുകളോ ഭൂവുടമകൾക്കാർക്കുംതന്നെ നൽകിയിട്ടില്ലാത്തതിനാൽ ടി വിവരം ഭൂവുടമകളെ അറിയിച്ചിട്ടില്ല. |

| | |
|---|---|
| ഡി) ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുൻപോട്ട് പോകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; ഇല്ലായെങ്കിൽ കാരണം എന്താണ്; വിശദമാക്കാമോ? | ഡി) പ്രാദേശിക നിരീക്ഷണ സമിതിക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**